DISPATCHED
On. 25/2/22...

21/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1333(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 11664/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 21**

ശ്രീ. പി.ആർ. രാമചന്ദ്രൻ,
729/20, പൂക്കാട്ട് വീട്,
മുപ്പത്തടം പി.ഒ.,
ആലുവ – 683 110.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഓഫീസ് ഇൻസ്പെക്ടർ,
സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
ഓഫീസ്, നോർത്ത് പറവൂർ, എറണാകുളം.
2) അപ്പീൽ അധികാരി &
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ),
സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
ഓഫീസ്, നോർത്ത് പറവൂർ, എറണാകുളം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 28/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/07/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 27/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/08/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 20/09/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 24/09/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12/10/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 16/11/2021 |
| ഹിയറിംഗ് നടന്ന തീയതി | 15/2/2022 (വീഡിയോ/ ഓഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം :അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

ശ്രീ. പി.ആർ.രാമചന്ദ്രൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാത്ത എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും, ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.

1. എ) 17.1.2021-ലെ ഇ 216 മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്കിന്റെ പൊതുയോഗ മിനിറ്റ്സിന്റെ പകർപ്പ്

ബി) 2018 ജനുവരി മുതൽ 2019 ഡിസംബർ വരെയുള്ള മേൽപ്പടി ബാങ്കിലെ ജീവനക്കാരുടെ ഹാജർ രജിസ്റ്ററിന്റെ പകർപ്പ്

സി) 2017 ജനുവരി മുതൽ 2019 ഡിസംബർ വരെയുള്ള ജീവനക്കാർക്ക് ഡ്യൂട്ടി വിഭജിച്ചു നൽകിയ രജിസ്റ്ററിന്റെ പകർപ്പ്

ഡി) ടി ബാങ്കിലെ ഇപ്പോഴത്തെ ഭരണസമിതിയുടെ കമ്മിറ്റി മീറ്റിംഗുകളുടെ മുഴുവൻ പകർപ്പുകൾ എന്നിവ സാക്ഷ്യപ്പെടുത്തി നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 20.07.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാന്റെ അപേക്ഷ പ്രകാരമുള്ള ചോദ്യങ്ങൾക്ക് ടി ആഫീസിലെ രേഖകളിൽ നിന്നും വിവരങ്ങൾ ലഭ്യമല്ലാത്തതാണെന്നാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമല്ലാത്തവയാണെന്നും വിവരങ്ങൾ സംഘത്തിൽ നിന്നും ലഭ്യമാകുന്ന മുറക്ക് നൽകുന്നതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. പി.ആർ. രാമചന്ദ്രൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 20.7.2021 തീയതി 724/2021-ാം നമ്പർ കത്തായി മറുപടി നൽകിയിട്ടുള്ളതാണെന്നും അപ്പീൽ അപേക്ഷയ്ക്ക് 17.8.2021 തീയതി 928/21 നമ്പർ കത്തുപ്രകാരമുള്ള മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജി, ബന്ധപ്പെട്ട രേഖകൾ, ഹർജിക്കാരൻ, ഒന്നാം എതിർകക്ഷി എന്നിവർ ഹിയറിംഗ് വേളയിൽ ബോധിപ്പിച്ച വസ്തുതകൾ എന്നിവ കമ്മീഷൻ വിശദമായി പരിശോധിച്ചു. ഇ-216-ാം നമ്പർ മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്ക്, 1969-ലെ കേരള സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്ന ഒരു പ്രാഥമിക കാർഷിക വായ്പാ സംഘമായതിനാൽ ടി സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. എന്നാൽ സഹകരണ നിയമത്തിലും ചട്ടത്തിലും പ്രതിപാദിക്കുന്ന കാര്യത്തിൽ കോ-ഓപ്പറേറ്റീവ് രജിസ്ട്രാർക്ക് സംഘത്തിൽ നിയന്ത്രണമുള്ളതാണെന്ന് കാണുന്നു. മാത്രമല്ല ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ടി സംഘത്തിൽ നിന്നും ലഭ്യമാകുന്ന മുറക്ക് നൽകുന്നതാണെന്ന മറുപടി 17.8.2021-ന് രണ്ടാം എതിർകക്ഷി ഹർജിക്കാരന് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ടി ഉറപ്പ് പാലിക്കുവാൻ പിന്നീട്

യാതൊരു ശ്രമവും രണ്ടാം എതിർകക്ഷി നടത്തിയിട്ടുള്ളതായും കാണുന്നില്ല. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രണ്ടാം എതിർകക്ഷിക്ക് നിയമപരമായി നൽകാൻ കഴിയുന്ന വിവരം മുപ്പത്തടം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും രണ്ടാം എതിർകക്ഷി ലഭ്യമാക്കി 15.3.2022-നകം ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. വിവരാവകാശ നിയമപ്രകാരം അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജുഡീഷ്യൽ പ്രവർത്തിയാണ്. ആയതിനാൽ നീതി നടപ്പാക്കുക മാത്രമല്ല നീതി നടപ്പാക്കിയെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടത് അപ്പീൽ അധികാരിയുടെ ചുമതലയാണ്. അതിനായി അപ്പീൽ അധികാരി പുറപ്പെടുവിക്കുന്ന ഉത്തരവ് സ്വയം വിശദീകരിക്കുന്നതും തീരുമാനത്തിൽ എത്താനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതുമാകണം. വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശം 30.03.2016-ലെ 69503/Cdn.5/2015/GAD, 17/7/2006 -ലെ 2104/എസ്.ഐ.സി-ജനറൽ/2006 എന്നീ നമ്പർ സർക്കുലറുകളിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അപ്രകാരം വിവരാവകാശ അപേക്ഷയിലെ തീയതി, എപ്പോൾ ലഭിച്ചു, എസ്.പി.ഐ.ഒ.യുടെ പേര്, ഡസിഗ്നേഷൻ, ഓഫീസ് ഫോൺ നമ്പർ, ഇ-മെയിൽ ഐഡി ഏത് വകുപ്പുപ്രകാരമാണ് വിവരം നിഷേധിച്ചിട്ടുള്ളത്, അപ്പീൽ കാലാവധി, അപ്പീലധികാരിയുടെ സ്ഥാനപ്പേര്, വിലാസം, ഓഫീസ് ഫോൺ നമ്പർ, ഇ-മെയിൽ ഐഡി തുടങ്ങിയ വിവരങ്ങൾ ഒന്നും രേഖപ്പെടുത്താതെയും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കാതെയും മറുപടി നൽകിയത് മേൽ പരാമർശിച്ച സർക്കുലറുകളുടെ ലംഘനവും വിവരാവകാശ നിയമം 20(1) വകുപ്പുപ്രകാരം ശിക്ഷാർഹവുമാണ്. അതുപോലെ തന്നെ രണ്ടാം എതിർകക്ഷി രണ്ടാം അപ്പീൽ അധികാരിയുടെ വിലാസമോ, അപ്പീൽ കാലാവധിയോ അറിയിച്ചതായും കാണുന്നില്ല. ആയതിനാൽ ടി വീഴ്ചകൾക്ക് എതിർകക്ഷികൾ കാരണക്കാരാണെന്ന് കാണുന്നതിനാൽ ഇക്കാര്യത്തിലുള്ള ടിയാളുകളുടെ വിശദീകരണം 15.3.2022-നകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷികൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിച്ച് ഇക്കാര്യത്തിൽ അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷികൾക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്മാരുടെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 21-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

us